DWCD/3997/2023-E9

I/127372/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3997/2023-E9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 20-11-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

**സർക്കുലർ**

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - വകുപ്പിന് പരിധിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പ്രവർത്തി സമയം ക്രമീകരിക്കുന്നത് - സംബന്ധിച്ച്:-

സൂചന:- 1. സ.ഉ(അച്ചടി നം.6/2023/ഉഭപവ തീയതി -18.04.2023

2. വിവിധ കാര്യാലയ മേധാവികളുടെ അപേക്ഷകൾ.

സർക്കാർ വകുപ്പുകളിൽ ശുചീകരണ ജോലിയിൽ ഏർപ്പെടുന്ന പാർട്ട് ടൈം ജീവനക്കാരുടെ ഓഫീസ് സമയം രാവിലെ 8 മണി മുതൽ 11.30 വരെയായും ടി സർവ്വീസിൽ ഉൾപ്പെടുന്ന മറ്റു ജീവനക്കാരുടെ ജോലി സമയം നിശ്ചയിക്കുന്നതിന് മാർഗ്ഗനിർദേശങ്ങൾ നൽകിയും സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിലും, വകുപ്പിന്റെ പരിധിയിൽ പ്രവർത്തിച്ച് വരുന്ന എല്ലാ കീഴ്ക്കാര്യാലയങ്ങളിലും ശുചീകരണ ജോലികളിൽ ഏർപ്പെടുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരുടെ പ്രവർത്തി സമയം സൂചന (1) ഉത്തരവ് പ്രകാരം രാവിലെ 8 മണി മുതൽ 11.30 വരെ ആയിരിക്കും. വകുപ്പിന് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ക്ഷേമ സ്ഥാപനങ്ങളിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാരുടെ പ്രവർത്തി സമയം മേൽപറയും പ്രകാരമല്ലാതെ ക്രമീകരിക്കേണ്ടതുണ്ടെങ്കിൽ ദിവസത്തിൽ മൂന്നര മണിക്കൂർ എന്ന വിധത്തിൽ സമയക്രമം അതത് കാര്യാലയ മേധാവികൾക്ക് നിശ്ചയിച്ച് നൽകാവുന്നതാണ്. ടി ജീവനക്കാർ നിർവ്വഹിക്കേണ്ട ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചുകൊണ്ട് അതത് കാര്യാലയ മേധാവികൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

RAJILA BEEVI S
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസ്സർ**

1. എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ഫയൽ/ സ്പെയർ